# മുഖവുര

# നമസ്ക്കാരത്തിനുള്ള ക്ഷണം

1993 മാർച്ചിൽ ഞാനും എന്റെ ഭാര്യ ബാർബറയും പത്തുവർഷത്തെ ഇട വേളക്കു ശേഷം സാംബിയയിലേക്ക് മടങ്ങിപ്പോയി. നാംവിയാംഗ ക്രിസ്ത്യൻ സെക്കന്ററി സ്ക്കൂളിൽനിന്ന് ഞങ്ങൾ ഒരു വാഹനം വാടകക്ക് എടുത്ത് ഞായ റാഴ്ച്ച രാവിലെ സിയാക്കാസാ ഗ്രാമത്തിലേക്ക് ഓടിച്ചുപോയി. പത്തു വർഷം മുൻപ് അവിടെ ഒരു സഭ ആരംഭിക്കുന്നതിനും ഒരു കെട്ടിടം സഭയ്ക്ക് വേണ്ടി പണിയുന്നതിനും ഞങ്ങൾ സഹായിച്ചിരുന്നു. ഞങ്ങൾ ആ കെട്ടിടത്തിനടുത്ത് രാവിലെ 10.00 ന് എത്തിയപ്പോൾ ആരെയും കണ്ടില്ല. ഞങ്ങൾ ഒരു മരത്തിന്റെ ചുവട്ടിൽ ഇരുന്ന് സഭ ഇപ്പോഴും ഇവിടെ കൂടി വരുന്നുണ്ടായിരിക്കുമോ എന്ന് ചിന്തിച്ചിരുന്നു. ഞങ്ങൾക്ക് അങ്ങനെ അധികം നേരം ഇരിക്കേണ്ടി വന്നില്ല. അപ്പോഴേക്കും ഒരു ആൺകുട്ടി ഓടിപ്പാഞ്ഞു വന്ന് മരത്തിൽ തൂക്കിയിട്ടിരുന്ന കലപ്പയുടെ കൊഴുവിൽ ഒരു ഇരുമ്പ് കമ്പികൊണ്ട് തുരുതുരാ അടിച്ചു. അത് "ആരാധനക്കുള്ള ക്ഷണമായിരുന്നു." ആരാധനക്ക് അതിഥികളുണ്ട് എന്ന മുന്നറിയിപ്പുകൂടെ ആയിരുന്നു അത്.

അര-മണിക്കൂർ കഴിഞ്ഞ് ഒരാൾ വന്നു, പിന്നെ ഓരോരുത്തരായി കുറ്റി ക്കാടുകൾ വഴി വരുവാൻ തുടങ്ങി. എല്ലാവരും എത്തിച്ചേരുന്നതുവരെ അവ രെല്ലാം ഞങ്ങളോട് മരത്തിന്റെ ചുവട്ടിൽവന്നു വന്ദനം ചെയ്തു സംസാരിച്ചു കൊണ്ടിരുന്നു. കെട്ടിടത്തിനുള്ളിൽ പുരുഷന്മാർ ഒരു വശത്തും സ്ത്രീകൾ മറുവശത്തും ഇരുന്നു ഇരിപ്പിടങ്ങൾ ഇംഗ്ലീഷിൽ "വൈ" ആകൃതിയിൽ തടി കൊണ്ടുള്ള തറയിൽ കാലുകൾ ഉറപ്പിച്ച ബഞ്ചുകളും കസേരകളുമായിരുന്നു.

പാട്ടുകളുടെ ചില രീതികൾ ഞങ്ങൾക്ക് സുപരിചിതമായിരുന്നു, പക്ഷെ അവർ പാടിയത് ടോംഗാ ഭാഷയിലായിരുന്നു. ചില പാട്ടുകൾ തികച്ചും അപ രിചിതമായിരുന്നു, അത് ആഫ്രിക്കൻ മെലഡിയിലുള്ള പാട്ടുകളായിരുന്നു. അത് ആഫ്രിക്കയിലെ പ്രത്യേകതയുള്ള ആരാധനയായിരുന്നു. എനിക്ക് പരി ചയമുണ്ടായിരുന്ന ആരാധനയായിരുന്നില്ല അത്. പക്ഷെ ആരാധന നടക്കുന്നു എന്ന കാര്യത്തിൽ എനിക്ക് സംശയമേ ഉണ്ടായിരുന്നില്ല.

മറ്റൊരവസരത്തിൽ, ഞാൻ സഹോദരൻ പീറ്റർ സോളമനോടുകൂടെ ചെന്നൈയിലുള്ള വൈഎംസിഎ ഹാളിൽ നടന്ന ആരാധനയിൽ പ്രസംഗിക്കു വാനായി പോയി. ഞങ്ങൾ എത്തിയപ്പോഴേക്കും ആരാധന തുടങ്ങിയിരുന്നു. അവിടെ കസേരകളോ ബെഞ്ചുകളോ ഉണ്ടായിരുന്നില്ല. ആരാധിക്കുന്നവർ തറയിലെ പായിൽ ഇരിക്കുകയോ മുട്ടിന്മേൽ നിൽക്കുകയോ ചെയ്തിരുന്നു. ഞങ്ങൾ അകത്ത് പ്രവേശിച്ചപ്പോൾ, മിക്കപേരും മുട്ടിന്മേൽ നിൽക്കുകയാ യിരുന്നു. ഒരാൾ പ്രാർത്ഥന നയിച്ചുകൊണ്ടിരുന്നു. വാതിലിനകത്ത് പ്രവേശി ച്ചപ്പോൾ തന്നെ പീറ്റർ മുട്ടിന്മേൽനിന്നു, ഞാനും അങ്ങനെ തന്നെ ചെയ്തു. ദൈവസിംഹാസനത്തിനു മുൻപിൽ ഒരു ഇടവക താഴ്മയോടെ ഇരിക്കുന്ന രംഗമായിരുന്നു അത്. ആരാധന നടന്നുകൊണ്ടിരുന്നു എന്നതു തീർച്ചയായി രുന്നു.

ആഫ്രിക്കയിലെ പല ദേശങ്ങളിലും, ഇന്ത്യയിലെ പല സ്ഥലങ്ങളിലും, ദക്ഷിണ അമേരിക്കയിലെ പല പ്രദേശങ്ങളിലും, മദ്ധ്യ അമേരിക്കയിലെയും

കരീബിയൻ ദ്വീപുകളിലെ പല സ്ഥലങ്ങളിലും വിവിധ രീതികളിലുള്ള ആരാധനാ യോഗങ്ങളിൽ (തിരുവെഴുത്ത് പരിധിയിൽ) ഞാൻ പങ്കെടുത്തിട്ടുണ്ട്. പക്ഷെ എല്ലാം ഒന്നു തന്നെ. ഞാൻ പങ്കെടുത്ത പല സഭായോഗങ്ങളിൽനിന്ന് ഞാൻ വഴങ്ങുന്നവനാകുവാൻ ശീലിച്ചു. ചിലർക്ക് ആരാധന കൂടുതൽ ഇഷ്ടപ്പെടുകയും വ്യക്തിപരമായി മറ്റുള്ളവരേക്കാൾ ഗുണകരമാകുമെങ്കിലും, പുറമെയുള്ളതിനല്ല, എന്റെ ഉള്ളിൽ എന്താണ് എന്നതനുസരിച്ചാണ് ആരാധനയുടെ പ്രത്യേകത എന്നു ഞാൻ മനസിലാക്കി.

## എന്താണ് നമസ്ക്കാരം?

സഭ ചെയ്യുന്ന ഏതാനും പ്രവൃത്തികളിൽ ഒതുങ്ങി കിടക്കുകയാണോ ആരാധന? കാത്തിരുന്നു കണ്ടെത്തേണ്ടതിന് അത് നമ്മുടെ ആരാധനാസ്ഥലത്തിന്റെ മൂലയിൽ പതുങ്ങിയിരിക്കുകയാണോ? ആരാധനയെ സംബന്ധിച്ച് എന്റെ മുൻപിലത്തെ അറിവ് “പള്ളിയിലേക്ക് പോകുക” എന്നതായിരുന്നു. ഉപദേഷ്ടാക്കന്മാരുടെ പ്രബോധങ്ങളും മറ്റും ഉണ്ടായിരുന്നെങ്കിലും, “ആരാധനക്കാണ് പോകുന്നത്” എന്ന കാഴ്ച്ചപ്പാടില്ലായിരുന്നു. നാം “പോകുന്നു” എന്നു വിചാരിക്കുന്നതല്ല ആരാധന എങ്കിൽ, പിന്നെ അത് എന്താണ്? എ. ഡബ്ലിയു. ടോസർ പറഞ്ഞു, “അത് അധികവും ആരാധന എന്തല്ല എന്നതാണ്.”[1]

ഇന്ന് ആളുകൾക്ക് പൂർണ്ണമായി മനസിലാക്കാവുന്ന വിധത്തിൽ നിർവ്വചിക്കുവാൻ ബുദ്ധിമുട്ടുള്ള വാക്കാണ്, “സ്നേഹം” എന്നതുപോലെ “നമസ്ക്കാരവും.” അത് ചിലർ ആഗ്രഹിക്കുന്നതും, മറ്റു ചിലർക്ക് അറെപ്പുളവാക്കുന്നതുമാണെന്ന് പറയുന്നു. ചിലർ ദൈവസന്നിധിയിൽനിന്നു പുതുക്കത്തിനായും, ആത്മാവിനെ-ജ്വലിപ്പിക്കുന്ന തൃപ്തിക്കുമായി കാത്തിരിക്കുന്നു, മറ്റുള്ളവർ വിചാരിക്കുന്നത് ആരാധന എന്നു പറയുന്നത് മുഷിപ്പിക്കുന്ന സമയം പാഴാക്കലാണ് എന്നത്രെ.

ആൽഫ്രഡ് പി. ജിപ്സ് പറഞ്ഞു, “അതിന്റെ അർത്ഥം, ... സൗന്ദര്യമുള്ള റോസാപുഷ്പത്തിൽനിന്നു സുഗന്ധം പുറപ്പെടുന്നതുപോലെയും, തേനിന്റെ രുചികരമായ മധുരം പോലെയും, *വിവരിക്കുവാൻ* പറ്റാത്തതും *അനുഭവിക്കുവാൻ* കഴിയുന്നതുമാണ്.”[2] ജിപ്സ് പറഞ്ഞതു ശരിയാണെങ്കിലും, നമസ്ക്കാരം എന്ന വാക്കിനു നാം ഇപ്പോഴും ഒരു നിർവ്വചനം ആഗ്രഹിക്കുന്നു. നാം അനുഭവിക്കുന്നതാണോ ആരാധന എന്നു നമുക്ക് അറിയുവാൻ സാധ്യമല്ല. ഇതു പറഞ്ഞിട്ട് ജിപ്സ് പല ഉറവിടങ്ങളിൽനിന്നുള്ള നിർവ്വചനങ്ങൾ നൽകുകയാണ്. “ആരാധന” യെ കുറിച്ചുള്ള ചില നിർവ്വചനങ്ങൾ ഇതാ: (1) “ദൈവാനുകൂല്യ ബോധത്താൽ നന്ദിയുള്ള ഹൃദയം നിറഞ്ഞുകവിയൽ”; (2) “ആത്മാവിനെ വിശ്രമത്തിനായി ദൈവസന്നിധിയിൽ പകരൽ”; (3) “അത് ഹൃദയത്തിന്റെ ജോലിയാണ്, ആവശ്യങ്ങളോടുകൂടിയോ, അല്ലെങ്കിൽ അനുഗ്രഹങ്ങളോടുകൂടിയോ അല്ല, മറിച്ച് ദൈവത്തെ തന്നെ സേവിക്കുന്നതാണ്”; (4) “നമ്മിൽ വസിക്കുന്ന ആത്മാവ് അതിഥിയാണെന്നും, പുത്രൻ രക്ഷകനാണെന്നും, പിതാവ് നൽകുന്നവനാണെന്നുമുള്ള ഹൃദയത്തിന്റെ പ്രതികരണം.”[3]

റിക്ക് അത്‌ലേ ആരാധനയെ നിർവ്വചിച്ചത്, “ദൈവം ആരാണെന്നും, നാം ആർക്കുവേണ്ടിയുള്ളവരാണെന്നും തിരിച്ചറിഞ്ഞ്, ശരിയായി പ്രതികരിക്കലാണ്”[4] എന്നത്രെ. ദൈവത്തിന്റെ യോഗ്യതയെയും മനുഷ്യന്റെ ബലഹീനതയെയും ഉറപ്പിക്കുന്നതാണ് ആരാധന. ദൈവത്തിൽ നാം വിധേയപ്പെട്ടിരിക്കുന്നതിന്റെ ആവശ്യകത നമ്മെ ഓർപ്പിക്കുന്നതാണ്. ആരാധന എന്തായിരിക്ക

ണമെന്ന് മനസിലാക്കി തരുന്നതാണ് ഈ നിർവ്വചനങ്ങളെല്ലാം. അവ ഒന്നും എല്ലാം വിശദമാക്കുന്നുമില്ല. ഈ സമയത്ത് ഞാൻ മറ്റൊരു നിർവ്വചനത്തിന് ശ്രമിക്കുന്നുമില്ല. ഈ പരമ്പരയിൽ നമ്മുടെ പാഠങ്ങൾ പുരോഗമിക്കുമ്പോൾ, ആരാധനയുടെ വ്യക്തമായ ഒരു ചിത്രം നിങ്ങൾക്ക് ലഭിക്കും. തുടർന്നുള്ള ഒരു പാഠത്തിൽ "നമസ്ക്കാരം" എന്നു തർജിമ ചെയ്തിരിക്കുന്ന പല ഗ്രീക്കു വാക്കുകളും അവയുടെ അർത്ഥങ്ങളും നാം പരിശോധിക്കും.

## നാം നമസ്ക്കരിക്കേണ്ടത് എന്തുകൊണ്ട്?

ആരാധനയിൽ നാം നമ്മുടെ മാനുഷികബലഹീനത മനസിലാക്കുന്നതിനാൽ ഏറ്റവും കുറവുള്ളവരാകുന്നു; എങ്കിലും, ആരാധനയിൽ നാം പരമോന്നതനായ ദൈവശക്തി വലിച്ചെടുക്കുന്നതുകൊണ്ട് ശക്തിയുള്ളവരായി തീരുന്നു. ദൈവമാണ് നമ്മെ ആരാധനക്ക് ക്ഷണിക്കുന്നത്. അവനാണ് ആ രീതി രൂപപ്പെടുത്തിയത്. ആരാധനയില്ലെങ്കിൽ, നാം ഒന്നും നിറവേറ്റാതെ, ശൂന്യമായിപോകുന്നവിധത്തിലാണ് നമ്മെ നിർമ്മിച്ചിരിക്കുന്നത്. നാം ദൈവത്തെ ആരാധിച്ചില്ലെങ്കിൽ മറ്റെന്തിനെയെങ്കിലും മനുഷ്യർ ആരാധിക്കുമെന്ന് ദൈവത്തിന് അറിയാം. തന്റെ സ്വഭാവത്തിന്റെ വിപുലീകരണം എന്ന വിധത്തിൽ തന്റെ സാദൃശത്തിലാണ് ദൈവം നമ്മെ സൃഷ്ടിച്ചത് (ഉൽപത്തി 1:26; 2:7 നോക്കുക). ഈ ഭൂമിയിൽ എന്നേക്കും ജീവിക്കുവാനായിരുന്നില്ല ദൈവം നമ്മെ മെനഞ്ഞത്. എന്നേക്കും ദൈവത്തോടുകൂടി വസിക്കുവാനായിരുന്നു അവൻ മനുഷ്യരെ ഉണ്ടാക്കിയത്. അതുകൊണ്ട്, അവൻ നമ്മെ അവന്റെ അടുക്കലേക്ക് ആകർഷിക്കുന്നു, അത് അവനെ കൂടുതലായി അറിഞ്ഞു, അവനെ അനുകരിക്കുവാനാണ്. ആളുകൾ ആരെ അല്ലെങ്കിൽ എന്തിനെ ആരാധിക്കുന്നുവോ, അവർ അതിനെ പോലെ ആകും എന്ന് ദൈവത്തിനറിയാം. നാം അവനെ ആരാധിച്ചാൽ നാം കൂടുതലും അവനെപോലെയാകും. ആ സത്യത്തെ ഊന്നി പറയുന്നതാണ് താഴെ കൊടുത്തിരിക്കുന്ന വേദഭാഗങ്ങൾ:

> നാം മണ്ണുകൊണ്ടുള്ളവന്റെ പ്രതിമ ധരിച്ചതുപോലെ സ്വർഗീയന്റെ പ്രതിമ ധരിക്കും (1 കൊരിന്ത്യർ 15:49).

> എന്നാൽ മൂടുപടം നീങ്ങിയ മുഖത്ത് കർത്താവിന്റെ തേജസിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസിന്മേൽ തേജസ് പ്രാപിച്ചു അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു (2 കൊരിന്ത്യർ 3:18).

> പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നതു ആകുമെന്ന് ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ, നാം അവനെ താൻ ഇരിക്കുമ്പോലെ തന്നെ കാണുന്നതാകകൊണ്ട്, അവനോട് സദൃശന്മാർ ആകും എന്നു നാം അറിയുന്നു (1 യോഹന്നാൻ 3:2).

പൊതുവായി പറയുകയാണെങ്കിൽ, അവനുമായുള്ള മനുഷ്യബന്ധം പുനരേകീകരിക്കുവാനാണ് വാസ്തവത്തിൽ ദൈവം ആഗ്രഹിക്കുന്നത്. ആ നമസ്ക്കരിക്കുന്നവരാകുമ്പോൾ, നാം നമുക്ക് നുണ പറയുവാനോ, മോഷ്ടി

ക്കുവാനോ, ദുർന്നടപ്പിൽ ജീവിക്കുവാനോ കഴിയുകയില്ല എന്ന് അവനറിയാം. ക്രൂശിൽ ദൈവം നമുക്ക് വേണ്ടി ചെയ്തതിലുള്ള വിശ്വാസം നിമിത്തം ദൈവം നമ്മെ ശുദ്ധീകരിച്ച് അവൻ മുഖാന്തരം അവനിലേക്ക് വീണ്ടും അടുപ്പിക്കുവാൻ ശ്രമിക്കുന്നു. ആരാധന മൂലം നമ്മെ ശുദ്ധമായി നിലനിർത്തുവാൻ ദൈവം ആഗ്രഹിക്കുന്നു. നമസ്ക്കാരം മുഖാന്തരം അവനോടുള്ള ബന്ധം നാം നിലനിർത്തിയാൽ, ലഭിക്കുന്ന സന്തോഷവും ഗുണങ്ങളും ലോകവുമായി പങ്കു വെക്കുന്നവരാകും. ആരാധന അതുകൊണ്ട്, ദൈവത്തിനു വേണ്ടിയല്ല നമുക്ക് വേണ്ടിയാണ്.

ആരാധന എന്നത് ദൈവത്തെ കുറിച്ചുള്ള ആശയത്തെ ആഘോഷിക്കലോ, അവന്റെ സ്വഭാവത്തെ കാണുന്ന വിധത്തിലുള്ളതോ അല്ല, മറിച്ച്, ദൈവസന്നിധിയിലേക്ക് നമ്മെ ആകർഷിക്കുന്നതാണ്. അവനെ ആരാധിക്കുക എന്നാൽ അവനാൽ ആവരണം ചെയ്യപ്പെടുക, അവനിൽ നമ്മെ ചുരുട്ടിക്കൂട്ടുക, അവന്റെ തണലിൽ ശരണവും ആശ്വാസവും അനുഭവിക്കുക, അവന്റെ ആവരണത്തിൽ ചൂടേൽക്കുക എന്നതാണ്. അവന്റെ തേജസെന്ന പ്രകാശത്തിൽ വെയിൽ കാഞ്ഞ്, അവന്റെ സാന്നിധ്യത്തിൽ അലിഞ്ഞു ചേർന്ന്, നാം കൂടുതലായി അവനെ പോലെ ആകുന്നു. അവൻ വീണ്ടും വരുമ്പോൾ, അവന്റെ നിത്യസാന്നിധ്യത്തിനായി അത് ഒരുക്കും. ആളുകൾ കൂടുതൽ സമയവും ചിലവഴിക്കുന്നത് ആരോടൊപ്പമാണോ, അവർ അവരെപോലെയാകും. ലളിതമായി പറഞ്ഞാൽ, നാം ദൈവത്തെ പോലെ ആകുന്നതിനു സമയം ചെലവഴിക്കുന്നതാണ് ആരാധന. അവൻ ആരാണെന്ന് നാം തിരിച്ചറിഞ്ഞാൽ, നാം അവനെ ആദരിക്കുകയും പുകഴ്ത്തുകയും ചെയ്യും, കാരണം അവൻ അതിന് യോഗ്യനാണ്. "ദൈവത്തെ മഹത്വപ്പെടുത്തുകയും, അവനെ നമസ്ക്കരിക്കുകയും ചെയ്യുക എന്നതാണ് – മനുഷ്യന്റെ ആദ്യന്തിക ലക്ഷ്യം."[5]

## എപ്പോഴാണ് നാം നമസ്ക്കരിക്കേണ്ടത്?

മാതൃകാപരമായി, ആരാധന എന്നത് സഭായോഗങ്ങളിലേതിനേക്കാളധികം ഉണ്ടാകേണ്ടതാണ്. ആരാധനയെ കുറിച്ച് തിരുവെഴുത്തിൽ രേഖപ്പെടുത്തിയിട്ടുള്ള മാതൃകകളും നിർദ്ദേശങ്ങളും അധികവും രഹസ്യവും കുടുംബപരവുമായ ആരാധനകളാണ്. എങ്ങനെയായാലും, രഹസ്യാരാധനയെയും കുടുംബാരാധനയെയും കുറിച്ച് ചോദ്യങ്ങൾ അധികവും കേട്ടിട്ടില്ല. അതിനർത്ഥം രഹസ്യാരാധനയും കുടുംബാരാധനയും നടക്കുന്നില്ല എന്നാണോ?

നാം സാധാരണ "ആരാധനയെ" കുറിച്ച് ചിന്തിക്കുമ്പോൾ, നമ്മുടെ മനസിലേക്ക് വരുന്നത് ക്രിസ്ത്യാനികൾ കൂടിവരുന്ന സഭായോഗങ്ങളാണ്. എങ്ങനെയായാലും, നാം രഹസ്യാരാധന നടത്തുന്നില്ലെങ്കിൽ ഞായറാഴ്ച്ചയിൽ ("ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ") ആരാധിക്കുവാൻ പ്രാപ്തരാകുന്നില്ല, ആ ദിവസത്തെ ചിലർ "കർത്തൃദിവസം" എന്നാണ് വിളിക്കുന്നത് (പ്രവൃത്തികൾ 20:7; 1 കൊരിന്ത്യർ 16:2; വെളിപ്പാട് 1:10 നോക്കുക).[6]

## നാം എങ്ങനെ നമസ്ക്കരിക്കും?

ആദ്യ സഭയിൽ എങ്ങനെ ആരാധന നടത്തിയിരുന്നു എന്നതിനു ചില പ്രത്യേകതകളും, അവതരണങ്ങളും ഉണ്ടെങ്കിലും, അവരുടെ ആരാധനയിൽ ചില പൊതുതത്വങ്ങൾ ഉൾപ്പെട്ടിരുന്നതായി അപ്പൊസ്തലനായ പൗലൊസ് 1 കൊരിന്ത്യർ 11–14 വരെ പ്രതിപാദിക്കുന്നു. സഭായോഗത്തിനു വരുമ്പോൾ

1 കൊരിന്ത്യർ 11–14 മനസിൽ എഴുതണമെന്ന് അനവധി ബൈബിൾ വിദ്യാർത്ഥികൾ കരുതുന്നു. ആ നാല് അദ്ധ്യായങ്ങളുടെയും സന്ദർഭം സഭായോഗമാണെന്ന് ഞാൻ വ്യക്തിപരമായി വിശ്വസിക്കുന്നു. അദ്ധ്യായം 11 ലെ ആദ്യത്തെ പതിനാറു വാക്യങ്ങൾ സഭായോഗത്തിൽ പാലിക്കേണ്ട മാന്യതയെ കുറിച്ചാണോ പറയുന്നത് എന്ന് ചിലർ ചോദ്യം ചെയ്യുന്നു. എങ്ങനെയായാലും 11:17 മുതലുള്ള കാര്യങ്ങളെ കുറിച്ച് ചോദ്യങ്ങളൊന്നുമില്ല. "ഒരുമിച്ചു കൂടുക" എന്നതാണ് സന്ദർഭം. ആ ക്രിസ്ത്യാനികൾ ആരാധനയിൽ എന്തെല്ലാം ചെയ്താലും – നാം എന്തെല്ലാം ചെയ്താലും – ഈ തത്വങ്ങൾ ബാധകമാണ്.

**എന്തു ചെയ്യണം**

1. *ഓരോരുത്തരുടേയും നന്മക്കായിരിക്കണം നാം കൂടിവരേണ്ടത്* (11:17). അവരുടെ യോഗങ്ങളിൽ വിഭജനങ്ങളും ഭിന്നതകളുമുണ്ടായി അവരുടെ സഭായോഗങ്ങളിൽ നടന്നതധികവും ആത്മീയപുരോഗതിക്ക് ഊനം വരുത്തുന്നതായിരുന്നു. ദൈവത്തെ മഹത്വപ്പെടുത്തുന്നതിനുപകരം, അവർ തങ്ങളെ തന്നെ മഹത്വപ്പെടുത്തുവാൻ തുടങ്ങി. അവരുടെ പ്രവൃത്തികൾ സ്വയ–കേന്ദ്രീകൃതമാകാതെ, ദൈവത്തിൽ–കേന്ദ്രീകരിച്ചവയാകേണ്ടിയിരുന്നു.

2. *ഉദ്ദേശം നാം മനസിൽ സൂക്ഷിക്കണം* (11:27–29). ഈ തത്വത്തിന്റെ സന്ദർഭം കർത്തൃമേശയിൽനിന്നു പങ്കിടുന്നതാണ്. "അയോഗ്യമായി" എന്ന പ്രയോഗത്തിന്റെ (വാക്യം. 27) അർത്ഥം, "തെറ്റായ ഉദ്ദേശത്തിലും, തെറ്റായ മനോഭാവത്തിലും" എന്നാണർത്ഥം. കൊരിന്തിൽ, സഭായോഗത്തിന്റെ ഉദ്ദേശവും, പ്രത്യേകിച്ച് കർത്തൃമേശ ആചരിക്കലും നഷ്ടമാക്കിയിരുന്നു. തന്നെത്താൻ ശോധന ചെയ്യുവാൻ പൗലൊസ് ആ ക്രിസ്ത്യാനികളോട് അപേക്ഷിച്ചിരുന്നു (വാക്യം. 28), വാസ്തവത്തിൽ അവർ കൂടി വരുന്നതിന്റെ ഉദ്ദേശവും തിരിച്ചറിയുവാൻ അവരെ പ്രബോധിപ്പിച്ചിരുന്നു.

3. *നാം ഏകശരീരമായി പ്രവർത്തിക്കണം* (12:12–21). തന്റെ ജനം ആരാധനക്കു കണ്ടുമുട്ടുവാൻ ദൈവം ആഗ്രഹിക്കുന്നു (എബ്രായർ 10:25). ആരാധന ലംബമായും കുത്തനെയുമായിരിക്കണം. അതായത്, നമ്മുടെ ബന്ധം ദൈവത്തോടും മനുഷ്യരോടും ഒരേവിധത്തിലായിരിക്കണം. ആത്മീയ വളർച്ചക്ക് രഹസ്യാരാധനയും കുടുംബാരാധനയും ആവശ്യമാണ്, എന്നാൽ രഹസ്യാരാധനക്കും കുടുംബാരാധനക്കും സാധ്യമാകാത്ത ഒന്ന് ഒരുമിച്ചുള്ള ആരാധനയിൽ ലഭിക്കുന്നു. ഒരുമിച്ചു പങ്കെടുക്കൽ വിശ്വാസ–വളർച്ചയും കൂട്ടായ്മയും, അന്യോന്യ പ്രബോധനവും നടക്കുന്നു. സഭായോഗങ്ങളിൽ ഭിന്നിപ്പുണ്ടായാൽ, അവ സഭയിൽ നഷ്ടമാകും. ഒരു കൂട്ടം ആളുകൾ ഒന്ന് ഇഷ്ടപ്പെടുകയും മറ്റൊരു കൂട്ടം അത് ഇഷ്ടപ്പെടാതിരിക്കയും ചെയ്യുമ്പോൾ, സമാന്തരമായ ആരാധന വ്രണപ്പെടുന്നു. പലപ്പോഴും സമാന്തര ബന്ധങ്ങൾ ഉലയുമ്പോൾ, ലംബമായ ബന്ധത്തെയും (ദൈവവുമായുള്ള വ്യക്തിപരമായ ബന്ധം) ബാധിക്കും.

4. *മാനം കുറഞ്ഞ അവയവങ്ങളെ മാനിക്കുന്ന വിധത്തിൽ, നാം അന്യോന്യം കരുതലുള്ളവരാകണം* (12:22–25; യാക്കൊബ് 2:1–13 മായി താരതമ്യം ചെയ്യുക). ചില അവയവങ്ങൾ നമ്മെ പോലെയല്ല എന്ന കാരണത്താൽ അവരെ കണ്ടില്ലെന്നു നടിക്കുകയോ തഴഞ്ഞുകളയുകയോ ചെയ്തേക്കാം. ധനവാന്മാരോട് മുഖപക്ഷം കാണിക്കുന്നവരെ കുറിച്ച് യാക്കൊബ് പ്രത്യേകമായി എടുത്തു കാണിക്കുന്നു. സഭായോഗം എന്നത് ദൈവത്തിന്റെ ജന

ത്തെയെല്ലാം തുല്യരായി കാണേണ്ട സ്ഥാനമാണ്. ദരിദ്രരെ മോശക്കാരായി സഭ കാണരുത്, അവരോട് പുറജാതിക്കാരെ പോലെ പെരുമാറുകയുമരുത്. സഭായോഗം ലോകത്തിലെ പുറജാതിക്കാർക്കുള്ള അഭയസ്ഥാനമാണ്. സഭായോഗത്തിന് വരുന്നത് നവോന്മേഷത്തിനായി ശുദ്ധവായു ശ്വസിക്കുന്നതുപോലെയാണ്. അവിടെ എല്ലാവർക്കും തുല്യതയും അന്യോന്യമുള്ള കരുതലും കണ്ടെത്തണം.

5. *നാം അന്യോന്യം സ്നേഹിക്കണം* (13:1–8). എന്റെ ഒരു സ്നേഹിതനും ഞാനുമായി ഈ വേദഭാഗത്തെ കുറിച്ചും അത് ആരാധനയെ കുറിച്ചും എന്താണ് പഠിപ്പിക്കുന്നതെന്നു ചർച്ച ചെയ്യുന്നതുവരെ, ആരാധനയിൽ ഉൾപ്പെടുന്നതാണ് 1 കൊരിന്ത്യർ 13 ലെ അന്യോന്യം *സ്നേഹ*ത്തോടെയുള്ള പെരുമാറ്റം എന്നു ഞാൻ മനസിലാക്കിയിരുന്നില്ല.[7] ആ വേദഭാഗത്തെ ഉപദേശങ്ങൾ മറ്റു മേഖലകളിലും പ്രായോഗികമാണ് എന്ന കാര്യത്തിൽ സംശയമില്ല; എന്നാൽ പ്രത്യേകമായി ആ സന്ദർഭത്തിൽ, ആരാധനയിൽ അന്യോന്യം എങ്ങനെ പെരുമാറണമെന്നാണ് പറയുന്നത്. സ്നേഹമായിരുന്നു പ്രാഥമികമായി ആ ക്രിസ്ത്യാനികൾ പിന്തുടരേണ്ട സ്വഭാവം (14:1). മറ്റുള്ളവരുടെ ആവശ്യങ്ങളും ഇഷ്ടങ്ങളും ആദ്യം മാനിക്കുന്നതാണ് സ്നേഹം. സഭായോഗങ്ങളിൽ നമസ്ക്കരിക്കുന്ന ഓരോരുത്തരും എങ്ങനെ പെരുമാറണമെന്ന് അദ്ധ്യായം 13 ന്റെ പശ്ചാത്തലത്തിൽ നോക്കിയപ്പോൾ, ആ അദ്ധ്യായം മുഴുവൻ എനിക്ക് പുതിയ അർത്ഥം പ്രദാനം ചെയ്തു.

6. *നാം അന്യോന്യം പ്രബോധിപ്പിക്കണം* (14:3, 4, 5, 12, 17, 26, 31). വിവിധ രൂപത്തിൽ ഉപയോഗിച്ചിരിക്കുന്ന "ആത്മികവർദ്ധന" എന്നതാണ് അദ്ധ്യായം 14 ലെ മുഖ്യവാക്ക്. വെർഷൻ അനുസരിച്ച് ചുരുങ്ങിയത് ഏഴ് പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു, ആരാധന ആത്മികവർദ്ധന നടത്തുന്നതാണെന്ന് പൗലൊസ് ഊന്നിപ്പറഞ്ഞിരിക്കുന്നതു നമുക്ക് കാണാം. "ആത്മികവർദ്ധന വരുത്തുക" എന്ന വാക്കിന്റെ അർത്ഥം "പണിയുക" എന്നാണ്. മുൻപ് ഉണ്ടായിട്ടുള്ള അഞ്ചു മുൻഗണനകളുടെ ഫലമായുണ്ടാകുന്നതാണ് ആത്മികവർദ്ധന. ലോകവും സാത്താനും തകർത്തുകളഞ്ഞതു വീണ്ടും ആരാധനയിൽ പണിയുകയാണ്. നമസ്ക്കാരം സഭയ്ക്ക് ഒരു ഭാരമാകരുത്, എന്നാൽ സഭയെ പണിയുന്നതിനായിരിക്കണം.

7. *നാം സകലതും ഉചിതമായും ക്രമമായും ചെയ്യണം* (14:40). ദൈവം ഒരിക്കലും തെറ്റിദ്ധാരണയോ കലക്കമോ ജനിപ്പിക്കുന്നില്ല. ആരാധനയിൽ എന്തെങ്കിലും പരിഭ്രാന്തിയുണ്ടായിട്ടുണ്ടെങ്കിൽ, അതു മനുഷ്യസൃഷ്ടിയാണ്. ആരാധനയിൽ കലക്കമുണ്ടാക്കുന്ന ആത്മാവ് വ്യാപരിക്കുന്നുവെങ്കിൽ, അത് തീർച്ചയായും പരിശുദ്ധാത്മാവിന്റേതല്ല.

## എന്തു ചെയ്യരുത്

നാം ആരാധനക്ക് വരുന്നത് ശരിയായ വാക്കുകൾ സംസാരിക്കുന്നതിനാണ്, ശരിയായി പ്രാർത്ഥിക്കുകയും, ശരിയായ പാട്ടുകൾ പാടുകയും ചെയ്താൽ പോലും നമസ്ക്കാരം നഷ്ടപ്പെട്ടേക്കാം. പല കാരണങ്ങൾ നിമിത്തം അങ്ങനെ സംഭവിക്കും.

*ഒന്ന്, നാം തെറ്റായ ഉദ്ദേശത്തിനായി കൂടിവരുന്നതിനാൽ നമുക്ക് ആരാധിക്കുവാൻ കഴിയുകയില്ല.* യെശയ്യാവ് 29:13 ഉദ്ധരിച്ചുകൊണ്ട് യേശു ഇത് മത്തായി 15:8 മൽ മുന്നറിയിച്ചിരിക്കുന്നു: "ഈ ജനം അധരം കൊണ്ട് എന്നെ

ബഹുമാനിക്കുന്നു, എന്നാൽ അവരുടെ ഹൃദയം എന്നിൽനിന്നകന്നുപോയി രിക്കുന്നു."

*രണ്ട്, നമ്മുടെ ജീവിതത്തിൽ പാപം ഇരിക്കുന്നതിനാൽ നമുക്ക് ആരാധി ക്കുവാൻ കഴിയുന്നില്ല.* ആരാധന സ്വീകരിക്കാതിരിക്കുന്നതിന്റെ കാരണം പ്ര വാചകനായിരുന്ന ആമോസ് വിവരിച്ചിരിക്കുന്നു. അവന്റെ കാലത്ത് ആളുകൾ ഉൽസവങ്ങൾ ആഘോഷിക്കയും, യാഗങ്ങൾ അർപ്പിക്കുകയും, ആത്മിക ഗീത ങ്ങൾ പാടുകയും ചെയ്തിരുന്നു; എന്നാൽ അവരുടെ ജീവിതം വഷളായിരു ന്നതുകൊണ്ട്, അവരുടെ ആരാധന ദൈവം സ്വീകരിച്ചില്ല (ആമോസ് 5:21-27).

*മൂന്ന്, ഒരു സഹോദരനെ വ്രണപ്പെടുത്തുന്ന ചിലത് ചെയ്തതുകൊണ്ട് നമുക്ക് ആരാധിക്കുവാൻ കഴിഞ്ഞില്ല.* യേശു പറഞ്ഞു, "ആകയാൽ നിന്റെ വഴിപാട് യാഗപീഠത്തിങ്കൽ കൊണ്ടുവരുമ്പോൾ, സഹോദരന്നു നിന്റെ നേരെ വല്ലതും ഉണ്ടെന്ന് അവിടെ വെച്ച് ഓർമ്മ വന്നാൽ, നിന്റെ വഴിപാട് അവിടെ യാഗപീഠത്തിന്റെ മുൻപിൽ വെച്ചേച്ച് ഒന്നാമത് ചെന്നു സഹോദരനോട് നി രന്നുകൊൾക, പിന്നെ വന്നു നിന്റെ വഴിപാട് കഴിക്ക" (മത്തായി 5:23, 24).

"സഭയുടെ ആരാധന" എന്ന വിഷയത്തെ ഹാർഡിങ്ങ് യൂണിവേഴ്സിറ്റി യിൽ അനവധി വർഷം പഠിപ്പിച്ച, മരിച്ചുപോയ ആന്റി. ടി. റിച്ചി. ജൂനിയർ., പ റഞ്ഞു, "ദിവസവുമുള്ള നമ്മുടെ ജീവിതം അവനോട് യോജിക്കുന്നതല്ലെങ്കിൽ, നമ്മുടെ ആരാധന ദൈവം സ്വീകരിക്കുകയില്ല."[8] നാം ജീവിക്കുന്ന ജീവിതരീതി മാറ്റുവാനാണ് ദൈവം നമസ്ക്കാരം രൂപപ്പെടുത്തിയിരിക്കുന്നത്. ആരാധന നമ്മുടെ ജീവിതനിലവാരത്തെ വളർത്തി ദൈവാനുരൂപമാക്കി മാറ്റുവാനുള്ള താണ്. അവന് അത് ആവശ്യമായതുകൊണ്ടല്ല ദൈവം നമ്മെ ആരാധനക്ക് ക്ഷണിക്കുന്നത്. അവൻ തന്നിൽ തന്നെ പൂർണ്ണതയുള്ള പരമോന്നതനാണ്. അവന് ആവശ്യമുള്ളത് ഒന്നും നമുക്ക് നൽകുവാൻ കഴിയുകയില്ല. അവൻ ന മ്മെ ആരാധനക്ക് ക്ഷണിക്കുന്നത്, നമുക്ക് അത് ആവശ്യമായതുകൊണ്ടാണ്. ആരാധനയിൽ നമ്മുടെ ആത്മിയ മാഹാത്മ്യമാണ് ദൈവം പ്രതീക്ഷിക്കുന്നത്.

**ഉപസംഹാരം**

ആരാധനയെ സംബന്ധിച്ച് ഉയർന്നിട്ടുള്ള പ്രശ്നങ്ങൾ കൈകാര്യം ചെയ്യുക എന്നതല്ല എന്റെ ലക്ഷ്യം. ഹൃദയത്തിൽ കേന്ദ്രീകരിച്ച് നമസ്ക്കാര ത്തിന്റെ കാതൽ നാം മനസിലാക്കുമ്പോൾ അവയിൽ എല്ലാമല്ലെങ്കിൽ, മിക്ക വയും നമുക്ക് ഗ്രഹിക്കുവാൻ കഴിയും. ആരാധന ഒരു രീതിയോ ശൈലിയോ അല്ല. അത് എനിക്ക് എന്താണ് ഇഷ്ടം എന്നുള്ളതുമല്ല, പിന്നെയൊ ദൈവത്തിന് എന്താണ് പ്രസാദകരം എന്നതാണ്. ഓരോരുത്തരുടേയും വ്യക്തിപരമായ താലന്തുകൾ പ്രകടിപ്പിക്കുവാൻ രൂപപ്പെടുത്തിയിരിക്കുന്നതല്ല ആരാധന, പി ന്നെയോ അത് നമ്മെ ദൈവസന്നിധിയിലേക്ക് അടുപ്പിക്കുന്നതിനാണ്. "സഭ യിൽ ആകാത്തവരെ" ബന്ധിപ്പിക്കുന്നതുമല്ല നമസ്ക്കാരം. പുതിയനിയ മാരാധന ക്രിസ്ത്യാനികൾക്കുള്ള പ്രവൃത്തിയാണ്. അതിനർത്ഥം നാം പു റത്തുള്ളവരുടെ ആവശ്യങ്ങൾ പരിഗണിക്കേണ്ട എന്നോ, അവരെ സഭായോ ഗങ്ങളിലേക്ക് ക്ഷണിക്കേണ്ട എന്നോ അല്ല, ആരാധനക്ക് വന്നയാൾക്ക് തന്റെ ജീവിതത്തിന് മാറ്റം വരുന്ന വിശ്വാസയോഗ്യത കണ്ടെത്തുവാനോ ആരാധന യുടെ ശരിയായ ലക്ഷ്യം കണ്ടെത്തുവാനോ കഴിയുന്നില്ലെങ്കിൽ അയാളുടെ ആവിർഭാവം ആരാധനയായി തീരുന്നില്ല എന്നർത്ഥം.

കുറിപ്പുകൾ

[1]എ. ഡബ്ലിയു. ടോസർ, *വാട്ടെവെർ ഹാപ്പെൻ്റ് ടു വർഷിപ്പ്?*, കോമ്പ് ആൻ്റ് എഡി. ജെറാൾഡ് ജി. സ്മിത്ത് (കാമ്പ് ഹിൽ, പോ.: ക്രിസ്ത്യൻ പബ്ലിക്കേഷൻസ്, 1985), 37. [2]ആൽഫ്രഡ് പി. ജിപ്സ്, *വർഷിപ്പ്: ദ ക്രിസ്റ്റ്യൻസ് ഹൈയ്യെസ്റ്റ് ഓകുപേഷൻ,* 2 ൻ്റ് എഡി. (കൻസാസ് സിറ്റി, കാൻസ്: വാൾട്ടർറിക്ക്: പബ്ലിഷേഴ്സ്, എൻ. ഡി.), 15. [3]ഇബിഡ്., 15–17. [4]റിക്ക് ആത്ലേ, "വാട് എ ലെഫ്റ്റ്-ബ്രെയിൻ്റ് പ്രീച്ചർ ഹാസ് ലേണ്ഡ്," പാർട്ട്, 1 *പെപ്പർഡൈൻ ലെക്ച്ചേഴ്സ്* (മലിബു, കാലിഫ്.: പെപ്പർഡൈൻ യൂണിവേഴ്സിറ്റി മീഡിയാ സെൻ്റർ, 1998), കാസെറ്റെ. [5]ടോസെർ, 51–52. [6]"കർത്തൃദിവസത്തെ അത്താഴത്തെയും" അനുബന്ധ ലേഖനമായി "എപ്പോഴൊക്കെ കർത്തൃമേശ ആചരിക്കണം" എന്നതിനെ കുറിച്ചുമുള്ള ചർച്ച ഈ പുസ്തകത്തിൽ പിന്നീട് വരുന്നത് നോക്കുക. [7]ആരാധനയെ വിപുലമായി നിർദ്ദേശിക്കുന്ന ഭാഗങ്ങളിൽ പെടുന്നതാണ് "സ്നേഹത്തെ" കുറിച്ചു പറയുന്ന അദ്ധ്യായം എന്ന് ലബ്ബക്ക് ടെക്സസിലുള്ള ഗാരി വാക്കറുമായുള്ള സംഭാഷണത്തിൽ അദ്ദേഹം പറഞ്ഞു. [8]ആൻ്റി ടി. റിച്ചി ജൂനിയർ., ക്ലസ് ലെക്ച്ചർ നോട്ട്സ്, ദ വർഷിപ് ഓഫ് ദ ചർച്ച്, ഹാർഡിങ്ങ് യൂണിവേഴ്സിറ്റി, എൻ. ഡി.